# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 601** **24.01.2018- ൽ മറുപടിക്ക്**

**വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം**

| ചോദ്യം<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആറ്റിങ്ങൽ നഗരസഭയിലെ വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിന്റെ പ്രവർത്തനം ആലംകോട്ട് പുനരാരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; | (എ) ആറ്റിങ്ങൽ നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 25.09.2017 ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗ തീരുമാന പ്രകാരം, സംഘത്തിൽ വച്ച് നെയ്യുന്നതിന് താൽപര്യമുള്ള തൊഴിലാളികളുടെ യോഗം വിളിക്കുകയും അതിൻപ്രകാരം 10 തൊഴിലാളികൾ സംഘത്തിൽ വന്ന് ജോലി ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തിരുന്നു. കൈത്തറി ക്വാളിറ്റി കൺട്രോൾ ഇൻസ്‌പെക്ടർ സംഘത്തിലെ തറികൾ പരിശോധിച്ച് ആയതിന്റെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി വരുന്ന തുക കണക്കാക്കിയിട്ടുണ്ട്. സംഘത്തിലെ ഭരണസമിതി തെരഞ്ഞെടുപ്പ് 2018 ജനുവരി 4 ന് നടത്തി പുതിയ ഭരണസമിതി ചുമതലയേറ്റിട്ടുള്ളതുമാണ്. തറികളുടെ അറ്റകുറ്റപ്പണികൾ കാഡ്കോ മുഖേന ചെയ്യുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) അടുത്ത അക്കാദമിക വർഷത്തെ യൂണിഫോം നെയ്യുന്നതിന് സ്ഥാപനത്തെ സജ്ജമാക്കാൻ കഴിയുമോ; | (ബി) പ്രസ്തുത സ്ഥാപനത്തിന്റെ കൂടി സഹകരണത്തോടെ അടുത്ത അക്കാദമിക വർഷത്തെ യൂണിഫോം നെയ്യുന്നതിന് സ്ഥാപനത്തെ സജ്ജമാക്കുവാൻ കഴിയും. |
| (സി) ഇത് സംബന്ധിച്ച് വ്യവസായ കേന്ദ്രം പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ? | (സി) സംഘത്തിന്റെ പുതിയ ഭരണസമിതിയുമായി ചർച്ച ചെയ്ത് പ്രവർത്തനപദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ